തിരുവേണി-നീതി-നന്മ സ്റ്റോറുകളിലൂടെ നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കാൻ നടപടി

81(2069) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയനാട് ജില്ലയിൽ എത്ര തിരുവേണി, നീതി, നന്മ സ്റ്റോറുകൾ പുതുതായി ആരംഭിച്ചിട്ടുണ്ടെന്നും അവ എവിടെയെല്ലാമെന്നും വ്യക്തമാക്കുമോ ;

(ബി) ജില്ലയിലെ തിരുവേണി, നീതി നന്മ സ്റ്റോറുകളിൽ ആവശ്യത്തിന് സാധനങ്ങൾ ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) നിത്യോപയോഗസാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി പ്രസ്തുത സ്റ്റോറുകളിൽ ആവശ്യത്തിന് സാധനങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയനാട് ജില്ലയിൽ 2 തിരുവേണി സ്റ്റോറുകളും കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്ന 9 സ്റ്റോറുകളും ആരംഭിച്ചിട്ടുണ്ട്. നീതി സ്റ്റോറുകൾ ഒന്നുംതന്നെ ആരംഭിച്ചിട്ടില്ല. ഈ സ്റ്റോറുകൾ ആരംഭിച്ച സ്ഥലങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു :

തിരുവേണി സ്റ്റോറുകൾ :

ക്രമ നമ്പർ	സ്റ്റോർ ആരംഭിച്ച സ്ഥലം
1	വാളാട്
2	പനമരം

നന്മ സ്റ്റോറുകൾ :

LIBRARY ARCHIVES Kerala Legislative Assembly

ക്രമ നമ്പർ	സ്റ്റോർ അനുവദിച്ച സ്ഥലം
1	പള്ളിക്കുന്ന്
2	പൊഴുതന
3	മുട്ടിൽ
4	തവിഞ്ഞാൽ
5	അമരക്കുനി
6	കാപ്പിൽസെറ്റ്
7	ഇരുളം
8	അണ്ടൂർ
9	കമ്പളേരി

(ബി) ഉണ്ട്.

(സി) നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തൊട്ടാകെയുള്ള എല്ലാ നന്മ, നീതി, ത്രിവേണി സ്റ്റോറുകളിലും ആവശ്യത്തിന് സാധനങ്ങൾ ലഭ്യമാക്കുന്നതിന് സഹായകമായി ഫെഡറേഷന് സർക്കാർ ഫണ്ടുകൾ ലഭ്യമാക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, ആറ് ജില്ലാ സഹകരണ ബാങ്കുകളിൽനിന്നും സർക്കാർ ഗ്യാരന്റിയുടെ അടിസ്ഥാനത്തിൽ 150 കോടി രൂപ വായ്പ ലഭ്യമാക്കി സാധനങ്ങൾ സംഭരിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

കേപ്പിലെ കോൺട്രാക്ട് നിയമനങ്ങൾ

82(2070) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേപ്പിലെ ജീവനക്കാരെ ഏഴുവർഷ കോൺട്രാക്ട് വ്യവസ്ഥയിൽ നിയമിച്ചത് എന്നാണ് ; അത്തരത്തിൽ എത്ര ജീവനക്കാർക്ക് നിയമനം നൽകി ; അവരുടെ പേരും മേൽവിലാസവും അടങ്ങുന്ന പട്ടിക ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത വ്യവസ്ഥയിൽ ജീവനക്കാരെ നിയമിക്കുന്നതിന് തീരുമാനമെടുത്ത കേപ്പ് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly